**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** | **29-01-2024 - ൽ മറുപടിയ്ക്ക്**

**നിപ്പ വൈറസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ഇടയ്ക്കിടയ്ക്ക് നിപ്പ വൈറസിന്റെ സാന്നിധ്യം ഉണ്ടായ സാഹചര്യത്തിൽ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ 2018, 2021, 2023 വർഷങ്ങളിൽ നിപ്പ വൈറസ് രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ തുടർന്നും മനുഷ്യരിൽ നിപ്പാ രോഗബാധയ്ക്കുള്ള സാഹചര്യം ഉണ്ടാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. നിപ്പയുടെ പ്രധാന രോഗലക്ഷണങ്ങളായ Acute Encephalitits Syndrome (AES), SARI എന്നിവയുടെ നിരീക്ഷണം ഫീൽഡ് തലത്തിൽ ശക്തമാക്കിയതിന്റെ ഭാഗമായി നിപ്പ സംശയിക്കുന്ന രോഗികളുടെ സാമ്പിളുകൾ പ്രാഥമിക പരിശോധനക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലെ ലാബിലേയ്ക്ക് അയച്ചുവരുന്നു.<br>2. സർക്കാർ ഉത്തരവ് (സാധാ) നം. 2363/2023/H&FWD തീയതി 16/09/2023 പ്രകാരം നിപ ചികിത്സാ പ്രോട്ടോക്കോൾ പരിഷ്ക്കരിച്ചിട്ടുണ്ട്.<br>3. ഏകാരോഗ്യ സമീപനത്തിലൂടെ നിപ്പാ പോലുള്ള സാംക്രമികരോഗങ്ങൾ നിരീക്ഷിക്കുവാൻ നിരീക്ഷണ യൂണിറ്റ് സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും കോഴിക്കോട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി മാർഗ്ഗരേഖയിൽ, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, ഭക്ഷ്യ സുരക്ഷ വകുപ്പ്, ജലസേചന വകുപ്പ് എന്നിവർ പാലിക്കേണ്ട ചുമതലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4. ഇൻഫെക്ഷൻ കൺട്രോൾ ടീമിന്റെ നേതൃത്വത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജീവനക്കാർക്ക് തുടർച്ചയായി ട്രെയിനിംഗ് നൽകി വരുന്നു.<br>5. നിപ രോഗത്തിന്റെ ഉറവിടം കണ്ടെത്തുന്നതിനും നിപ ഗവേഷണത്തിനുമായി “കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് " കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിപ്പ രോഗത്തിന്റെ ഉറവിടം, രോഗപ്പകർച്ച, രോഗത്തിന്റെ നിദാന ശാസ്ത്രം, പ്രതിരോധ മാർഗ്ഗങ്ങൾ, സർവ്വെയിലൻസ് എന്നിവ സംബന്ധിച്ച് പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയും, ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡെമോളജിയും, ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തുന്ന ഗവേഷണ പഠനങ്ങളുടെ ഏകോപനം 'കേരള വൺ ഹെൽത്ത് സെന്റർ ഫോർ റിസർച്ച്' ലക്ഷ്യം വയ്ക്കുന്നു.<br>6. 2023-ലെ നിപ ബാധിതരുടെ സമ്പർക്കപ്പട്ടികയിലുള്ളവരുടെ ‘സീറോ സർവ്വെയലൻസ്’ പഠനം ICMR-മായി ചേർന്ന് ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.<br>7. നിപ ചികിത്സയ്ക്കായുള്ള മോണോക്ലോണൽ ആന്റിബോഡി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പഠനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) തോന്നയ്ക്കൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി( NIV) പൂനെ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) തിരുവനന്തപുരം എന്നിവിടങ്ങളിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | വൈറസിന്റെ പ്രാഥമിക പരിശോധനയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ സംവിധാനം ഒരുക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിപ്പാ പരിശോധനാ സംവിധാനങ്ങൾ (PCR, Truenat) കോഴിക്കോട് മെഡിക്കൽ കോളേജിലെ VRDL ലാബിൽ ലഭ്യമാണ്. ബയോ സേഫ്റ്റി ലെവൽ-3 ലാബിന്റെ നിർമാണം 80% പൂർത്തിയായിട്ടുണ്ട്. |
| (സി) | ഈ വിഷയത്തിൽ സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ? | (സി) | സ്ഥിരം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Integrated Disease Surveillance Programme (IDSP) സംവിധാനം ഉപയോഗിച്ച് ജില്ലാ സർവെയിലൻസ് യൂണിറ്റ് മുഖേന നിരീക്ഷണം നടക്കുന്നുണ്ട്. നിപ്പ ആകാൻ |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള എല്ലാ കേസുകളിലും (മരണപ്പെട്ടവ ഉൾപ്പെടെ) RTPCR / TRUENAT ടെസ്റ്റുകൾ കോഴിക്കോട് മെഡിക്കൽ കോളേജ് VRDL ലാബിൽ സ്ഥിരമായി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ